"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ. എ 4/17992/2016

ട്രെയിനിംഗ് ഡയറക്ടറേറ്റ് തൊഴിൽ ഭവൻ വികാസ് ഭവൻ തിരുവനന്തപുരം -33

**<u>സർക്കുലർ</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഒറ്റത്തവണ റിലാക്സേഷൻ വഴി യോഗ്യതാ നിരക്കിൽ സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചവരുടെ വിവരം ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ. ഉ. (സാധാ.) നമ്പർ. 111/2012/തൊഴിൽ, തീയതി: 25.07.2012

2. സർക്കാർ കത്ത് നമ്പർ. 448/C1/2013/തൊഴിൽ, തീയതി: 10.04.2013

3. സർക്കാർ കത്ത് നമ്പർ. 132/C1/2017/തൊഴിൽ, തീയതി: 24.07.2017

ഒറ്റത്തവണ റിലാക്സേഷൻ വഴി പ്രൊമോഷൻ ആനുകൂല്യങ്ങൾ നേടിയവർ ട്രെയിനിംഗ് മെത്തഡോളജി (POT) ഒഴിച്ച് CITS ട്രെയിനിംഗിന്റെ ബാക്കിയുള്ള മൊഡ്യൂളുകൾ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷത്തിനകം വിജയകരമായി പൂർത്തിയാക്കണമെന്നും, ഇത്തരക്കാർ നിശ്ചിത സമയത്തിനകം വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കാത്തപക്ഷം അവരുടെ പ്രൊമോഷൻ ആനുകൂല്യങ്ങൾ സംരക്ഷിക്കില്ലായെന്നും സൂചന (1) ഉത്തരവിലെ ഖണ്ഡിക. 5 (ii), (iv) എന്നിവയിൽ സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ റെഗുലർ പ്രൊമോഷന് തുല്യമായതുകൊണ്ട് ഒറ്റത്തവണ റിലാക്സേഷൻ വഴി സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകൾ നേടിയവർ, ടി വ്യവസ്ഥ പ്രകാരം നിശ്ചിത സമയത്തിനകം വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കാത്തപക്ഷം അവർക്ക് അനർഹമായി യോഗ്യതാ നിരക്കിൽ അനുവദിച്ചിട്ടുള്ള സമയബന്ധിത ഹയർഗ്രേഡുകൾ തിരിച്ചുപിടിക്കാനും, ആയതുവഴി നേടിയ അധിക തുക തിരിച്ചുപിടിക്കാനും സൂചന (2), (3) കത്തുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ഒറ്റത്തവണ റിലാക്സേഷൻ വഴി യോഗ്യതാ നിരക്കിൽ സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകൾ നേടിയവരിൽ ആരെങ്കിലും, ട്രെയിനിംഗ് മെത്തഡോളജി (POT) ഒഴിച്ച് CITS ട്രെയിനിംഗിന്റെ ബാക്കിയുള്ള മൊഡ്യൂളുകൾ നിശ്ചിത സമയത്തിനകം വിജയകരമായി പൂർത്തിയാക്കത്തതായി നിലവിലുണ്ടോയെന്ന വിവരം ചുവടെയുള്ള മാതൃകയിൽ 20/04/2018-നകം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ളവർ ഇല്ലാത്തപക്ഷം ടി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | TBHG അനുവദിച്ച ഉത്തരവ് നമ്പറും, തീയതിയും | TBHG പ്രാബല്യ തീയതി | TBHG ശമ്പള നിരക്ക് | POT വിജയിച്ച വർഷം | CITS ട്രെയിനിംഗ് നിശ്ചിത സമയത്തിനകം വിജയിക്കാത്തതിന്റെ കാരണം |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

പി.കെ മാധവൻ
അഡീഷണൽ ഡയറക്ടർ ഓഫ്
ട്രെയിനിങ്

സ്വീകർത്താവ്

എല്ലാ ഐ.ടി.ഐ / ബി.റ്റി.സി പ്രിൻസിപ്പാൾമാർക്കും,
എല്ലാ ആർ.ഐ.സി ട്രെയിനിംഗ് ഓഫീസർമാർക്കും

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്